Noes.

1 Mr. K Achyuta Menon.
2 ,, M P Cherian,
3 ,, C J Mathew,
4 ,, T Narayana Menon,
5 Mr. P Nilakanta Menon,
6 Dr. D Raghavendra Rao,
7 Rama Varmha Tampuran,
8 Mr. P V Raphael,
9 Mr. Thomas Manjuran.

Selection of candidates on communal basis for appointments in Government Service.

മിസ്റ്റർ കെ. ടി. മാത്യു.—സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്.

"*This Council recommends to the Government to adopt mutatis mutandis the rules recently published by the Grovenment of Madras regulating the order of communal representation in selecting candidates with requisite qualifications for appointments in Government Service*".

ഈ നിയമസഭ ഇവിടെ തുടങ്ങിയ കാലം മുതൽ എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം ഗവമ്മെണ്ടു സർവ്വീസിൽ കൊടുത്തു് സമുദായങ്ങൾ തമ്മിൽ ഭിന്നിപ്പിക്കാതെ കൊണ്ടുപോകണമെന്നു ഗവമ്മെണ്ടിനോടു പലപ്രാവശ്യവും ഈ നിയമസഭയിൽനിന്നു ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതു് എത്രയും ആവശ്യമാണെന്നുള്ള സംഗതി മനസിലാക്കി ഗവമ്മെണ്ടു ഇതിൽ വേണ്ടതു ചെയ്യുന്നതാണെന്നു നിയമസഭയോടു പലപ്രാവശ്യം പറയുകയുണ്ടായിട്ടുണ്ടു്. വേണ്ട കാര്യങ്ങൾ വേണ്ടതായ രീതിയിൽ ചെയ്യുന്നതാണു് നല്ലതു്. ഗവമ്മെണ്ടിൽനിന്നും ഒരു "അഷ്വറൻസു്" തരുമ്പോൾ അതിൽനിന്നും മനസിലാക്കേണ്ടതു് ഗവമ്മെണ്ടു ആ വിഷയത്തിൽ ആവശ്യമായ നടപടി നടത്തുമെന്നാണു്. ഗവമ്മെണ്ടു ഈ മുൻപറഞ്ഞ കാര്യത്തിൽ വേണ്ടതു് താമസിക്കാതെ ചെയ്യുന്നതാണെന്നു മറുപടി പറഞ്ഞിട്ടു വളരെ കാലമായി. ദിവസമല്ല, ആഴ്ചയല്ല, മാസമല്ല, കൊല്ലം തന്നെ കഴിഞ്ഞിരിക്കുന്നു. ഒരു പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ഉടനെ നിശ്ചയിക്കാമെന്നു പറഞ്ഞിട്ടു വളരെ കാലമായി. ഗവമ്മെണ്ടു തരുന്ന അഷ്വറൻസു് നടപ്പിൽ വരുത്തുവാൻ സാധിക്കാതേയോ, മനസില്ലാതേയോ എന്തു തന്നെയായാലും കാര്യം ഇങ്ങനെ നീട്ടിനീട്ടിക്കൊണ്ടുപോകുകയാണു് ചെയ്യുന്നതു്. ഒരു സംഗതി ഗവമ്മെണ്ടു ഇന്നവിധത്തിൽ ചെയ്യാമെന്നു വാഗ്ദത്തം ചെയ്തു കഴിഞ്ഞാൽ അതിലേക്കു എന്തു തന്നെ എതിരു വന്നാലും അവയെയെല്ലാം ജയിച്ചു വാഗ്ദത്തം പരിപാലിക്കേണ്ടതാണു്. വാക്കുദത്തങ്ങൾ പരിപാലിയ്ക്കുവാനുള്ള ശക്തി ഒരു ഗവമ്മെൻറിനില്ലെങ്കിൽ ആ ഗവമ്മെൻറിനെ പൊതുജനങ്ങൾ ബഹുമാനിക്കുമോ ഇന്നു് ഈ രാജ്യത്തെ ജനങ്ങൾ ഗവമ്മെൻറിന്റെ വാക്കുദത്തങ്ങൾ വിശ്വസിച്ചു് അനങ്ങാതെയിരിക്കുന്നു. കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ല്ലാം സാധിച്ചുതരുമെന്നുള്ള വിശ്വാസത്തോടുകൂടി അവർ ദിവസങ്ങൾ കഴിയ്ക്കുന്നു. ഇന്നു് മാറ്റുള്ള സ്റ്റേറ്റുകളിൽ കാണുന്നതുപോലുള്ള അനിഷ്ടസംഭവങ്ങൾ ഈ രാജ്യത്തു നടക്കാതിരിക്കുന്നതിനു കാരണം ഈ രാജ്യത്തെ ജനങ്ങളുടെ രാജഭക്തിയാണു്. മഹാരാജാവു തിരുമനസ്സിനോടും ഈ രാജ്യത്തോടും ഗവർമ്മെൻറിനോടുമുള്ള ഭക്തിവിശ്വാസം ഇവിടെയുള്ള പ്രജകൾക്കു് അത്യധികമാണു്. അടുത്തുള്ള രാജ്യത്തെ ജനങ്ങൾ സമുദായപ്രാതിനിദ്ധ്യകാര്യം സംബന്ധിച്ചു് എത്രമാത്രം ഇളകിയിരിക്കുന്നു! ഇവിടെനിന്നു അങ്ങോട്ടു നാഴികകളെ നടക്കുന്ന അനിഷ്ടസംഭവം ഇങ്ങോട്ടേയ്ക്കു വരുവാൻ ഒരു പ്രയാസവുമില്ല. ഇത്രയടുത്തു സമുദായങ്ങൾ ഇളകി വലുതായകരു ഭ്രകമ്പംതന്നെ നടക്കുമ്പോൾ എത്രനാൾ അതിനെ തടഞ്ഞുനിറുത്തുവാൻ സാധിയ്ക്കും. എന്നാൽ അതു ഇങ്ങോട്ടു വരാതിരിയ്ക്കുന്നതിനു കാരണമുണ്ടെങ്കിൽ അതിലൊന്നു ഞങ്ങളുടെ രാജഭക്തിയാണു്. ഈ രാജ്യത്തെ സമുദായങ്ങൾ തമ്മിലുള്ള മൈത്രിയാണു് മറെറാരു കാരണം. ഈ വക ഞങ്ങളുടെ ഭക്തിയും മൈത്രിയും ഗവർമ്മെൻറു് പൊട്ടിച്ചുകളയരുതെന്നു ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. ഗവർമ്മെൻറു് ഈ വിഷയത്തിൽ ജനങ്ങൾക്കെന്തെങ്കിലും ചെയ്തുകൊടുക്കുവാൻ ഭാവിച്ചിട്ടുണ്ടെങ്കിൽ അതു് ജനങ്ങളുടെയിടയിലുള്ള ഭക്തിയും മൈത്രിയും ദൃഢപ്പെടുത്തത്തക്കവണ്ണം വേഗത്തിൽ ചെയ്തുകൊടുക്കുകയാണു വേണ്ടതു്.

അവശസമുദായങ്ങൾ തങ്ങളുടെ സങ്കടങ്ങളെക്കുറിച്ചു് ഈ സഭയിൽ വന്നു നിലവിളിച്ചു കരയുമ്പോൾ അവരെ ചവിട്ടിത്താഴ്ത്തിക്കളയാമെന്നുള്ള നില എടുക്കരുതു്. ഗവർമ്മെൻറു് സ്വീസിൽ സമുദായപ്രാതിനിധ്യം ആവശ്യമുള്ള ഒരു സംഗതിയാണെന്നറിയാം. സമുദായവഴക്കുകളൊന്നും കൂടാതെ രാജ്യം മുന്നോട്ടു കൊണ്ടുപോകുവാൻ ഉള്ള നല്ലൊരു നിവാരണമാർഗ്ഗമാണെന്നും അറിയാം. രാജ്യം മുന്നോട്ടു കൊണ്ടുപോകുവാനുള്ള പരിശ്രമത്തിൽ എവിടെ നിന്നെങ്കിലും എതിരു വരുന്നുണ്ടെങ്കിൽ അതിനെയെല്ലാം തടുക്കുവാനുള്ള ധൈര്യവും ശക്തിയുമുള്ള ഒരു ഗവർമ്മെൻറാണു് നമുക്കാവശ്യമുള്ളതു്. അല്ലാതെ തരാം തരാം എന്നു പറഞ്ഞു് ഈ വക കാര്യങ്ങൾ നീട്ടിക്കൊണ്ടുപോകുന്ന ഒരു ദിവാൻജിയോ ഒരു ഗവർമ്മെൻറോ ഉണ്ടായിട്ടു എന്തു ഗുണം? നല്ല മനസ്സുള്ള ഒരു ദിവാൻജി ഇപ്പോൾ ഈ നാട്ടിലുള്ളതുകൊണ്ടു് അദ്ദേഹത്തിൻറെ ഭരണം മലിനപ്പെടുത്താതിരിക്കുവാൻ വേണ്ടി ജനങ്ങൾ അടങ്ങിയിരിയ്ക്കുകയാണു്. എന്നാൽ ഇങ്ങിനെയുള്ള കാര്യങ്ങൾ നീട്ടി നീട്ടി കൊണ്ടുപോകുകയാണെങ്കിൽ അതു് ജനങ്ങളുടെ ക്ഷമയെ ടെസ്റ്റുചെയ്തുനോക്കുന്നതായി വരും. അങ്ങിനെയാകുമ്പോൾ ഒരു പക്ഷെ അവരറിയാതെ തന്നെ ആ ക്ഷമ പൊ

LIBRARY ARCHIVES Kerala Legislative Assembly

ട്ടിപ്പോയേക്കാം. പൊട്ടിപ്പോയാൽ തിരുവിതാംകൂറിലും മറ്റും ഉണ്ടായതിനേക്കാൾ കൂടുതലായ ക്ഷോഭവും ഉണ്ടാകും. അതിനൊന്നും ഇടവരുത്താതെ രാജഭക്തിയെ നിലനിറുത്തണമെന്നാണ് ഞാൻ ഗവൺമെൻറിനോടാവശ്യപ്പെടുന്നത്.

ഇപ്പോൾ മദ്രാസ് ഗവൺമെൻറ് നടപ്പിൽ വരുത്തിയിരിക്കുന്ന മാതിരിയുള്ള വ്യവസ്ഥകൾ ഇവിടെയും നടപ്പിൽ വരുത്തണമെന്നാണ് ഞാൻ ഈ പ്രമേയംകൊണ്ടാവശ്യപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടു ഇതു നമ്മുടെ ഗവൺമെൻറിനു സ്വീകരിച്ചു നടപ്പിൽ വരുത്തുവാൻപാടില്ല? ഗവൺമെൻറ് ഒരു പ്രത്യേക സമുദായത്തോടൊ,കക്ഷിയോടൊ മാത്രമാണോ? അങ്ങിനെയാണെങ്കിൽ അതു പറഞ്ഞേയ്ക്കണം. അതു പറഞ്ഞു ഞങ്ങളെ മനസ്സിലാക്കിയിരുന്നാൽ ഞങ്ങൾ ഇങ്ങിനെയുള്ള പ്രമേയങ്ങൾ കൊണ്ടുവന്നു ഗവൺമെൻറിനെ ബുദ്ധിമുട്ടിക്കുമായിരുന്നില്ല. എല്ലാ സമുദായക്കാർക്കും ഒന്നുപോലെ അഭിവൃദ്ധിയെ കാംക്ഷിക്കുന്ന ഒരു ഗവൺമെൻറാണെന്നു മനസ്സിലാക്കിയതുകൊണ്ടാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിയ്ക്കുന്നതു". എല്ലാ സമുദായക്കാർക്കും വേണ്ടിയുള്ള ഒരു ഗവൺമെൻറിൻെറ കടമയെന്താണു"? എല്ലാ സമുദായങ്ങളുടേയും രക്ഷക്കുവേണ്ടിയുള്ള കാര്യങ്ങൾ പ്രവൃത്തിയ്ക്കുകയാകുന്നു. ഗവൺമെൻറ് സർവ്വീസ് എന്നുള്ളതു് ഒരു ജാതിക്കാർക്കു മാത്രമുള്ളതാണോ? ഒരു ജാതിക്കാർക്കു മാത്രമോ, ഒരു സമുദായക്കാർക്കു മാത്രമോ ഉള്ളതാണോ എഫിഷ്യൻസി? എഫിഷ്യൻസി നശിപ്പിക്കണമെന്നു ഇവിടെ ആരും പറയുന്നില്ല. Qualification വേണ്ടെന്നു ഇവിടെ ആരും വാദിക്കുന്നില്ല. Qualification നുള്ള പ്രാധാന്യത ഈ പ്രമേയത്തിൽ വിട്ടുകളഞ്ഞിട്ടില്ല. പ്രമേയത്തിൻെറ ആ ഭാഗം ഇവിടെ വായിക്കാം."

Communal representation in selecting candidates with requisite qualifications for appointments in Government service.

എഫിഷ്യൻസിയെന്നതു് ഒരു ജാതിക്കാർക്കോ ഒരു സമുദായക്കാർക്കോ മാത്രമുള്ള സ്വത്തല്ല. Efficiency ഒരു ജാതിയ്ക്കോ സമുദായത്തിനോ പ്രത്യേകമായിട്ടായിരുന്നുവെന്നു വരികിൽ പല സമുദായക്കാരും ആ ഭാഗത്തിരിയ്ക്കുന്നതു കാണ്മാൻ സാധിയ്ക്കുമായിരുന്നു. ഗവൺമെൻറാവശ്യപ്പെടുന്ന കാളിഫിക്കേഷനുള്ളവർക്കു് ജോലി കൊടുക്കുന്നതിനു് എന്താണു വിരോധം? ഗവൺമെൻറും സമുദായങ്ങളും തമ്മിൽ എതിരായിനിന്നു് പല വിപ്ലവവും ഉണ്ടാക്കണമെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ? അല്ലാത്തപക്ഷം ഈ വക കാര്യങ്ങളെ കുറിച്ചു് ഗവൺമെൻറ് നല്ലവണ്ണം ചിന്തിച്ചു് വേണ്ടുന്ന നടപടികൾ ഉടനെ നടത്തണം. ഇന്നദിവാൻജിയുടേയും മറ്റു വകുപ്പദ്ധ്യക്ഷന്മാരുടേയും നല്ലപേരിനെ നിലനിറുത്തുവാൻ വേണ്ടതു് ഉടനെ ചെയ്യണം.

എനിക്കു ദിവാൻജി അവർകളോടു് പ്രത്യേകം ഒരപേക്ഷയുണ്ടു്. ഈ കാര്യം ന്യായമാണെന്നും നീതിയാണെന്നും ദിവാൻജി

LIBRARY ARCHIVES Kerala Legislative Assembly

അവർകൾക്ക തോന്നുന്നുണ്ടെങ്കിൽ ഒട്ടും താമസിയാതെ ഈ കാര്യത്തിൽ വേണ്ടത് ഉടനെ നടപ്പിൽ വരുത്തണമെന്നു ഞാനപേക്ഷിക്കുന്നു. അദ്ദേഹം ന്യായവും നീതിയുമനുസരിച്ചു വേണ്ടപോലെ പ്രവൃത്തിയ്ക്കുമെന്നുള്ള വിശ്വാസംകൊണ്ടാണ് യാതൊരനിഷ്ടസംഭവങ്ങളും ഇവിടെ നടക്കാതിരിക്കുന്നതിനുള്ള മറ്റൊരു കാരണം. കൊച്ചി രാജ്യത്തു് സമാധാനവും സമുദായ മൈത്രിയും രാജഭക്തിയും നിലനിറുത്തുന്നതിനായി തന്നെ ഉദ്യോഗംതന്നെ രാജിവെയ്ക്കണമെങ്കിൽ ദിവാൻജി ആയതു ചെയ്യേണ്ടതല്ലയോ? ഒരു ഇംഗ്ലീഷ് സിവിലിയനായ ദിവാൻജി അധൈര്യപ്പെട്ടു പുറകിലോട്ടു പോകുമെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. അവശസമുദായങ്ങൾക്കു് ഉദ്യോഗം കൊടുക്കുവാനായി ഗവൺമെണ്ടുതന്നെ എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലേക്കും സർക്കുലർ അയച്ചിട്ടുണ്ടു്. അതു് എത്രമാത്രം ഉപയോഗത്തിൽ കൊണ്ടുവന്നിട്ടുണ്ടെന്നുള്ളതു് ഗവൺമെണ്ടു അന്വേഷിയ്ക്കേണ്ടതാണു്. ഗവൺമെണ്ടു് അതു ചെയ്തിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണു്. ഇതു തെളിയിപ്പാൻ ഒരു ഉദാഹരണം മതിയാകും. എന്റെ നാട്ടിലെ ഒരു നായാടി എഴുത്തുവായനും വായിയ്ക്കുവാനും അറിയാമെന്നും, ശിപായിജോലി നോക്കുന്നതിനാവശ്യമുള്ള യോഗ്യതയുണ്ടെന്നും കാണിച്ചു് ദിവാൻജി അവർകൾക്കു് ഒരു ഹർജി അയച്ചു. ദിവാൻജി അവർകൾ അതു് അച്ചടിച്ചു് എല്ലാ ഡിപ്പാർട്ടുമെണ്ടിലേക്കും അയച്ചു. എന്നാൽ അതുകൊണ്ടു് യാതൊരു ഫലവുമുണ്ടായില്ല. ഗവൺമെൻറിന്റെ മഷിയും, കടലാസും നഷ്ടപ്പെട്ടതല്ലാതെ. ഗവൺമെൻറിലെ ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്റെ കല്പനയെ ധിക്കരിച്ചു പ്രവൃത്തിച്ചു. അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ ശരിയായി നടത്തുവാനുള്ള ചുമതല ദിവാൻജി അവർകൾക്കുണ്ടു്. ഏറ്റവും താണ ഒരു സമുദായത്തിൽപ്പെട്ടൊരാൾക്കു് ഒരു ശിപായിയുടെ ജോലിയെങ്കിലും കൊടുക്കണമെന്നു ദിവാൻജി ആവശ്യപ്പെട്ടു. ഉദ്യോഗസ്ഥന്മാർ അതു വകവെച്ചില്ല അതിനെ ധിക്കരിച്ചു പ്രവൃത്തിച്ചു. ഇതിലും കൂടുതലായ ഒരു ധിക്കാരം ചെയ്യുവാനുണ്ടോ? ഇതെല്ലാം കണ്ടിട്ടും ദിവാൻജി അവർകൾ കണ്ണടച്ചിരിയ്ക്കുന്നതു് വളരെ കഷ്ടമാണു്. ഉദ്യോഗസ്ഥന്മാരുടെ ധിക്കാരവും വീഴ്ചകളും കണ്ടുപിടിച്ചു് അവരെ ശരിപ്പെടുത്തേണ്ടതു് ദിവാൻജിയുടെ ചുമതലയാണു്. അദ്ദേഹം ഇതായെങ്കിലും അതു ചെയ്യുന്നില്ലെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ വർദ്ധിയ്ക്കും. മേലുദ്യോഗസ്ഥന്മാരെ ശരിപ്പെടുത്താതിരുന്നാൽ ഗവൺമെന്റ് ദുഷിച്ചുപോകുന്നു; ഡിപ്പാർട്ടുമെണ്ടു് ദുഷിച്ചുപോകുന്നു. കണ്ണടച്ചിരുന്നാൽ രാജ്യത്തിനാകപ്പാടെ വലിയ ദോഷമാണു്.

ജനങ്ങളുടെ രാജഭക്തിയെ മുറിപ്പെടുത്തുവാനിടയാക്കരുതെന്നും സമുദായ മൈത്രിയെ നിലനിറുത്തണമെന്നും അവശസമു

LIBRARY ARCHIVES Kerala Legislative Assembly

ടായ്മക്കു വേണ്ട പ്രോത്സാഹനം കൊടുക്കണമെന്നുമുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിയ്ക്കുന്നത്.

Mr. P. Kumaran Ezhuthassan.—Sir, I have very great pleasure in seconding this resolution. What is urged through the resolution is that the Government may be pleased to accept the line of action followed by the Madras Government with changes that will suit our State regarding the rotation of communities to be taken for the Government service. While I specifically confine my remarks to the question of unrepresented communities I wish to point out according to the Government declarations in this behalf it is generally stated that unrepresented communities are given preference in the matter of recruitment. When that statement is made it will appear that unrepresented communities should have no manner of complaint regarding the policy of Government regarding recruitment. Even to-day the question was answered that the policy of the Government in the matter of recruitment is to give preference to the backward communities. I refer to question No. 380. The Government have said that their policy in the matter of recruitment is to give preference to the members of the backward communities. But the answer does not stop there. If it had stopped there I would certainly have been satisfied. There is a small clause added to it which works are whole mischief to the communities concerned. The words are "as far as possible." Various interpretations are put upon that pitty expression by the various heads of departments and at times by the Government itself to suit the necessities of the situation. It has been stated yesterday in answer to another question which related to an inferential suggestion that the suicide of a manner of the backward community was the direct result of an improper action of a departmental head that the departmental head concerned justified his action. That is but natural. Any person who does either a wrong or a good thing will find argument to justiy it. Whenever the claims of unrepresented communities are overlooked and invariably when questions are put in this House answres are given by the Government justifying their action while any reasonably minded man can understand that that justification is no justification at all. It is a justification for its own sake. It is to avoid such things that the Hon'ble Member through this resolution requests the Government to adopt a fixed policy and follow the rules of the Madras Government with changes that are necessary to meet the situation here.

While seconding such a resolution I have to make my position clear that the proper and useful working of that will again depend upon the changes that you make in the Madras rules to

LIBRARY ARCHIVES Kerala Legislative Assembly

suit our country. The success of the working of the resolution will depend upon the order in which you propose to give change of the various communities in the State. I am sure that this resolution will be only a part of the details of the rules to guide the Public Service Commission to which the Government stands committed long ago. Even while there was opposition from a section of the non-official members for the appointment of that Commission, Government insisted upon saying that they are hastening to appoint the Public Service Commission. We do not now know what the delay is due to and where the difficulty lies. I am sure that the difficulty must have arisen from interested quarters. However powerful that quarter be it is up to the Government to see that the Public Service Commission or at least that which is proposed through this resolution is put into practice by the Government at the earliest possible opportunity. I again stress upon this important thing that the success of the whole thing will depend on the changes that you make in the Madras rules to suit our conditions. In making the changes the claims of the various communities have to be taken into consideration and the order of precedence is given to the communities in such a way as to ensure satisfaction to all communities. If the rules are going to be such that these communities would not get under the new rules even what they are now getting it will be something against the interests of the unrepresented communities at any rate. Therefore I urge that the Government may be pleased to make the necessary changes in consultation with persons who will be in a position to give them advice and accept this resolution.

മിസ്റ്റർ ചെ. സെ. വക്കി.—സാർ, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏർപ്പെടുത്തണമെന്നുള്ള പ്രമേയം കൊണ്ടുവന്നതു് ഞാനാണു്. ആ നിലയ്ക്കു്, ആ വിഷയത്തിൽതന്നെയുള്ള ഒരു പ്രമേയത്തെ പിൻതാങ്ങുവാനായി ഞാനും ബാദ്ധ്യതനായിരിക്കുന്നു. ഇന്നേരം ഫൈൽ കൊല്ലത്തിനുമുമ്പു് പബ്ലിക്ക സർവ്വീസു കമ്മീഷൻ ഏർപ്പെടുത്തുമെന്നു് ഈ സഭയിൽതന്നെ ഗവർമ്മെണ്ടു പ്രഖ്യാപനം ചെയ്തു. അതിനെറശേഷം ഇതുവരെ ആ കാര്യം നടപ്പിൽവരുത്താതിരിയ്ക്കുന്നതിനെപ്പറ്റി ന്യായമല്ലെന്നും വിഹിതമല്ലെന്നുമുള്ള സംഗതിയെ ഗവർമ്മെണ്ടിനെ ധരിപ്പിയ്ക്കുവാൻ വേണ്ടിയാണു് ഞാൻ അല്പം പറയാമെന്നു വിചാരിയ്ക്കുന്നതു്. പബ്ലിക്ക സർവ്വീസുകമ്മീഷൻ വേണമെന്നുവരുപ്പെടുന്നതു് സംസ്ഥാനത്തിനോടുയും ജനങ്ങളോടുയും സമാധാനത്തിനുവേണ്ടിമാത്രമാണെന്നു ഗവർമ്മെണ്ടു ധരിയ്ക്കണം. ഉദ്യോഗങ്ങൾ സമുദായങ്ങളുടെ സംഖ്യാനുപാതികമായി വീതിച്ചുകൊടുത്തതുകൊണ്ടു് ഇപ്പോഴുള്ള സമുദായസ്പർദ്ധ വളരെ കുറയുവാനിടയുണ്ടു്. ഇപ്പോൾസംസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തുള്ള വിവിധസമുദായങ്ങൾ വളരെ സൌഹാർദ്ദനിലയിലാ
ണ് കഴിഞ്ഞുകൂടിപോരുന്നത്. സമുദായസ്പർദ്ധയ്ക്കും, കക്ഷിവഴ
ക്കിനും കാരണമായിതീരുന്നത് മൂന്നുകായ്ക്കളിലാണ്. ഒന്നാമ
ത്തേ ഉദ്യോഗങ്ങൾ വീതിച്ചുകൊടുക്കുന്ന സംഗതി, രണ്ടാമത്തേ തീ
ണ്ടൽ; തൊടിയൽ മുതലായസംഗതി, മൂന്നാമത്തേ ഇലക്ഷൻ. എ
ന്നാൽ രണ്ടാമതായി പറഞ്ഞസംഗതിയിൽ പരിഷ്കൃതാശയന്മാർ
ആയുള്ള ആളുകളുടെ പരിശ്രമത്തിന്റെ ഫലമായിട്ട് വളരെസ
മാധാനം ഉണ്ടായിട്ടുണ്ട്. തീണ്ടൽ തൊടിയൽ മുതലായവ മാ
റണം എന്നുള്ളതു് സവർണ്ണഹിന്ദുക്കളുടെയിടയിൽനിന്നുതന്നെ
ഇപ്പോൾ ആവശ്യപ്പെട്ടുകൊണ്ടിരിയ്ക്കുന്ന ഒരു സംഗതിയാണ്.
അതുകൊണ്ട് ആ വിഷയത്തിൽ സമുദായസ്പർദ്ധ ഏതാണ്ടു കുറ
ഞ്ഞുവരുന്നുണ്ട്. ഇലക്ഷൻ മുമ്പിലത്തേക്കാൾ സമുദായനില
യെ വിട്ടുമാറിവരുന്നുണ്ടെന്നു പറയുവാൻ കാരണമുണ്ട്. ഇയ്യിടെ
ഉണ്ടായിട്ടുള്ള മുനിസിപ്പൽ ഇലക്ഷനെപ്പറ്റി ആലോചിച്ചാൽ
എല്ലാവരും സമനിലയിൽനിന്നുകൊണ്ടല്ല ഇലക്ഷൻപോ
രാട്ടം നടത്തുന്നതു്. മൂന്നാമത്തേ സമുദായ സ്പർദ്ധയ്ക്കു കാരണമാകു
ന്ന ഒരുസംഗതി ഉദ്യോഗവിതരണമാണ്. ഉദ്യോഗങ്ങൾ സം
ഖ്യാനുപാതികമായി വീതിച്ചുകൊടുക്കാതിരിയ്ക്കുന്നതുകൊണ്ടാണ്
അതു് ക്രിസ്ത്യാനികൾക്കു കിട്ടണമെന്നു ക്രിസ്ത്യാനികളും, നായന്മാർക്കു
കിട്ടണമെന്നു് നായന്മാരും, ബ്രാഹ്മണർക്കു കിട്ടണമെന്നു് ബ്രാ
ഹ്മണരും, അധഃകൃതർക്കു കിട്ടണമെന്നു അധഃകൃതരും നാട്ടിൽ ബ
ഹളങ്ങളും കഴപ്പുങ്ങളും ഉണ്ടാക്കിക്കൊണ്ടിരിയ്ക്കുന്നതു്. രാജ്യത്തു
ള്ള സമാധാനത്തിനും ക്ഷേമത്തിനും വേണ്ടി അതു് അവശ്യമായി
ചെയ്യേണ്ടതു് ഉദ്യോഗവിതരണകായ്യത്തിൽ നിശ്ചിതമായ ഒ
രു പദ്ധതി ഏർപ്പെടുത്തുകയാകുന്നു. അങ്ങിനെചെയ്യുകഴിഞ്ഞാൽ
സമുദായങ്ങൾ തമ്മിലുള്ള സൌഹാർദ്ദതയും ശക്തിയും കൂടുമെ
ന്നാണ് എനിയ്ക്കു തോന്നുന്നതു്. ഈനിലയ്ക്ക് എല്ലാസമുദായക്കാ
രും തമ്മിൽ യോജിച്ചുപോകുവാനുള്ള ഈസംഗതിയിൽ എന്തെ
ങ്കിലും ഒരു തീരുമാനമുണ്ടാക്കണമെന്നുള്ള അഭിപ്രായം ഈസഭ
യിൽനിന്നുതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. അങ്ങിനെയരിയ്ക്കു
ഗവമ്മെണ്ട് ഈകായ്യത്തിൽ മൌനംദീക്ഷിയ്ക്കുകയും എപ്പോൾ
ചോദിച്ചാലും ആലോചനയിലിരിയ്ക്കയാണെന്നു മറുപടിപറയു
കയും ചെയ്യുന്നതു് ഒട്ടും വിഹിതമല്ല. ഇതിനുകൂടി ഗവമ്മെണ്ട്
ഒരു സമാധാനമുണ്ടാക്കിയാൽ നാട്ടിലാകപ്പാടെ വളരെ സമാ
ധാനവും ക്ഷേമവും ഉണ്ടായിരിയ്ക്കുമെന്നാണ് എനിയ്ക്കു പറയു
വാനുള്ളതു്. ഇന്നാകാലത്തു് ഞാൻ ചോദിച്ച ഒരു ചോദ്യത്തി
ന് ഗവമ്മെണ്ടു മറുപടിപറഞ്ഞതു് ആ കായ്യം ആലോചനയിലി
രിയ്ക്കുന്നുവെന്നാണ്. ഇങ്ങിനെ ആലോചനയിലിരിയ്ക്കുന്നുവെ
ന്നു പറയുവാൻ തുടങ്ങിയിട്ട് വളരെ കാലമായി. ഈ ആലോ

LIBRARY ARCHIVES Kerala Legislative Assembly

ചനയ്ക്ക് ഒരു പര്യവസാനം ഉണ്ടാകുന്നതു "എന്നാണെന്നു" അറിഞ്ഞാൽകൊള്ളാമെന്നു ജനങ്ങൾക്കു വളരെ ആഗ്രഹമുണ്ട്. നമ്മുടെ അടുത്ത സംസ്ഥാനമായ തിരുവിതാംകൂറിൽ ഈവക കാര്യങ്ങൾ ഉടനെ കണ്ടുപിടിയ്ക്കുവാൻവേണ്ട ഏർപ്പാടുകൾ മിസ്റ്റർ സുബ്ബയ്യരുടെ അധിപത്യത്തിൻകീഴിൽ നടത്തിവരുന്നുണ്ടെന്നു പത്രങ്ങൾവഴിയായി അറിയാം. അവിടെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ശുപാർശ്ശചെയ്യുന്നതിയിൽ ഇവിടെ നടപ്പാക്കുവാൻ സൌകര്യം ഇല്ലെങ്കിലും ആ ഗവൺമെണ്ടിന്റെ മനോഗതി എന്താണെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. അതുകൊണ്ടും അറിഞ്ഞുകൊണ്ടുമിരിയ്ക്കുന്ന നമ്മോടു് ഇവിടത്തെ ഗവൺമെണ്ടു് ആ കാര്യം ആലോചനയിൽ ഇരിക്കുന്നുഎന്നും പറഞ്ഞുനീട്ടികൊണ്ടുപോകുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ജനങ്ങളുടെ സമാധാനത്തേയും സന്തുഷ്ടിയേയും ആഗ്രഹിയ്ക്കുന്നുണ്ടെങ്കിൽ ഗവൺമെണ്ടു് ഈ ആലോചനയെ കുറെകൂടി ത്വരിപ്പെടുത്തണമെന്നുമാത്രമേ ഞാൻ അവശ്യപ്പെടുന്നുള്ളു. പബ്ലിക്ക് സർവ്വീസു കമ്മീഷൻ നടപ്പാക്കുന്നതാണെന്നു് ഈ വളരെ ദേക്തിയായ നിയമസഭയിൽ പ്രഖ്യാപനംചെയ്യുന്നേരം എന്തുകൊണ്ടാണു് ആകാര്യം ഇതുവരെ നീട്ടിവെച്ചുകൊണ്ടുവരുന്നതെന്നു് അറിയുവാൻ നിവൃത്തിയില്ല. മദിരാശി ഗവൺമെണ്ടിൽ നിന്നും ഇതുപോലെ ഒരു കമ്മിറ്റി ഏർപ്പെടുത്തി റൂൾസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അവിടെയും അതു നടപ്പിൽ വന്നിട്ടുവളരെകാലമായി. തിരുവിതാംകൂറിലും നടപ്പിൽ വന്നിട്ടുണ്ടു്. നമ്മുടെ ഗവൺമെണ്ടു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏർപ്പെടുത്താമെന്നു പറഞ്ഞതല്ലാതെ അതിലെന്തെല്ലാമാണു് ചട്ടങ്ങൾ വരുത്തുവാൻ പോകുന്നതെന്നൊന്നും ഇതുവരെ ആലോചിച്ചു കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് ഗവൺമെണ്ടു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏർപ്പെടുത്തുന്നില്ല എങ്കിൽ തല്ക്കാലം ഇന്നത്തെ പ്രമേയത്തിൽ പറയുന്നതുപോലെ സമുദായാംഗങ്ങൾക്കു സംഖ്യാനുപാതികമായവിധത്തിൽ ഉദ്യോഗവിതരണം ചെയ്യുന്നതിനെങ്കിലും ചില ചട്ടങ്ങൾ ഏർപ്പെടുത്തി അതിനനുസരിച്ചു കാര്യങ്ങൾ നടത്തുവാൻ ഗവൺമെണ്ടു് ഉത്സാഹിക്കുമെങ്കിൽ വളരെ നന്നായിരിയ്ക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നതു്.

Rama Varmha Tampuran.—Sir, this resolution is almost identical with the resolution to appoint a Public Service Commission. Though the wording is different the substance of the two I think is almost the same. When the Government pass final orders on the Public Service Commission this will be the most important point that will receive their consideration namely the order each of the communities should get preference

LIBRARY ARCHIVES Kerala Legislative Assembly

in Sirkar appointments. I will assure this House that this point will not be lost sight of. On the other hand this will be the point for greatest consideration and great attention will be bestowed upon it when the final orders on the Public Service Commission are passed.

Mr. Joseph Pettah.—Sir, this resolution as the Hon'ble Secretary just now referred is one of the features of the Public Service Commission. I also beg to support this resolution on that ground and also of course for some other reasons. This subject of Public Service Commission in the State has taken a turn which is most mysterious and most vexatious to very many sections of the people of the State. Mysterious because on the face of it we find that the answers given to interpellations on this subject in this House are not at all satisfactory. There must be some mystery somewhere. Why is it that the Government do not take the members of the House into their confidence and at least tell their difficulty. These indefinite answers "under consideration", "under consideration" on such a simple matter as this fails to convince us that it is after all under consideration. There must be some insurmountable difficulty somewhere to thwart, frustrate the best intentions of the Government. We would like to know where these difficulties are and what their character is so that if they are really insurmountable we might get ourselves reconciled and say that it is a hopeless case and we have to rest at that. If they are insurmountable and if the Government with the support of the people could surmount them then we want to tell the Government that they have the hearty support, strong support of 75 per cent or even more of the people of Cochin in this matter. We would assure the Government that with the support of this large majority of the people these difficulties could be brushed aside and the matter may be realised. For all that we should know what the difficulties are. Therefore we say that the policy of the Government in giving such unsatisfactory answers on the floor of this House is to be deprecated. It is a great pity that the Government have not felt it necessary to take the members of this House into their confidence in such an important matter as this to which they committed themselves so long ago and about which on one occasion they said that they were just framing the rules and that the rules will be published without much delay. Can this engage the consideration for snch a long time without enabling them to come to any definite decision in the matter?

The ordinary man the man in the street fails to understand what the mystery could be. To all appearance

LIBRARY ARCHIVES Kerala Legislative Assembly

it is a simple matter. There is not so much of the great financial burden here. If it is a matter where Government could not find funds if the institution of the Public Service Commission would have committed the Government to a huge financial outlay we could have understood that as a mighty argument against it. But in answer to certain interpellations it was replied that the commissioners are not even to be going to be paid but they are to be given only a modest honorarium or allowance. The financial implications are not therefore very great. And then again if it were a matter of opposition by the representatives of the people then also there would be some meaning in postponing this consideration endlessly. But every time this matter has come to this Council we have seen a large majority of the Members of this House have whole heartedly supported this measure of the Council. Why then such delay in this matter I again ask. Will the Government be pleased at least now to tell us what their real difficulties are? Why this measure should be postponed indefinitely? Even now the Government are not in a position to tell us when the commission would materialise. Even now the reply is entirely incomplete. What can this mysterious consideration be? I plead to the Government in all earnestness that it is completely unsatisfactory. It is so vexatious and so provoking. And then the people are goaded into despair. Some of the members have already spoken of the consequences of such indefinite delay in this matter. We have been getting on in some peace and there has not been much of communal disturbances in Cochin as have marred the social relations in many other places in India and even to some extent even in the Sister State of Travancore. We are happy that the Cochin Political horizon and Cochin Society have not been marred by such unpleasant developments. But as some of the Members have already stated if there is this sort of vexatious delay in such a simple matter like this we fail to see how thing will develop in the future. Are the Government going to take the responsibility on their shoulders by this sort of indefinite delay without at least giving us an inkling of the difficulty that they have? Every time we ask they say that it is their policy and they say they stand committed to the Public Service Commission. I do not think they are considering on that because they have already assured the House that the Government have decided to appoint a Public Service Commission. But whether it is desirable or not to come to a conclusion on that point no further consideration is necessary. What then is the further stage? Is it the selection of the personnel? That should not be a matter for such lengthy consideration. This or that it should be finished in a

LIBRARY ARCHIVES Kerala Legislative Assembly

short time. This sort of anxiety—a man sentenced to death if the date of execution is prolonged and prolonged endlessly he would say better to die rather than live in this cruel state of suspense. I say it is a cruel thing which the Government is doing to the majority of the people of the State. Then again is it in the matter of rules we have got many many samples elsewhere and with necessary modifications they could be adopted for our guidance? The framing of the rules is not a herculian task. From whatever standpoint we look at it we fail to see the reason for this mysterious delay. We submit in all earnestness and in all humility that this sort of provocation might lead to undesirable consequences. Therefore we once more press upon the attention of the Government that they may be pleased to expedite this sort of consideration and give some assurance of the time they will require for taking some definite step in the matter. Every reasonable man has got the ability to estimate what amount of time a particular course of action would take, unless that course of action is so mysterious and so novel and a course of action which is beset with unforeseen difficulties. Governments elsewhere have adopted this. And yet the Government of Cochin is not in a position to estimate even the probable length of time in coming to a definite conclusion. This Sir, is quite inexplicable, quite incomprehensible and extremely provoking.

Now coming to the second part of the subject the Hon'ble Secretary was pleased to say that this resolution is indentical with the resolution on the Public Service Commission. This course is covered by the other resolution. This is only part of the other resolution. The other resolution says the constitution of a Publice Service Commission with a separate body with powers to recommend candidates for the various services of the State and the second part would be that that commission would be guided by an act of rules. Here this resolution does not contemplate the appointments of a separate body. It only says that the departmental heads and the Heads of the Administrations should be guided by a few cut and dry rules in the matter of selecting recruits. Of course there is much difference between this resolution and the other. This resolution contemplates only the laying down of certain definite rules which would guide and should guide both the departmental head of the administration in matter of recruiting to the public services, and the rules contemplated are the rules which have been adopted by the Government of Madras with necessary modifications in view of the different circumstances which might prevail here. I do not find the Government could have any difficulty in accepting this

LIBRARY ARCHIVES Kerala Legislative Assembly

resolution and in carrying it into effect at least as a preliminary to the appointment of a Public Service Commission. The other is a further step. This step is to lay down the rules and the other is the appointment of a body. Once again therefore I request that the Government would consider this matter sympathetically and would not continue to postpone and prolong their deliberations so endlessly as to cause so much heart-burning and vexation to the people of the State. With these remarks I support the resolution.

മിസ്റ്റർ. കെ. അയ്യപ്പൻ.—സാർ, ഈ വക വാദങ്ങൾ പല പ്പോഴും കേട്ടുകേട്ട് ദിവാൻജി അവർകൾ വളരെ മുഷിഞ്ഞിട്ടുള്ളതു പോലെ തോന്നുന്നുണ്ട്. ഇവിടെ സ്റ്റേറ്റ് സമ്മേളനത്തിൽ അദ്ദേഹം പ്രിസൈസ് ചെയ്ത അവസരത്തിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിൽ ഇവിടെ സ്റ്റേറ്റ് പ്രസ്ഥാനംകൊണ്ട് ഏറ്റവും പ്രധാനമായുള്ള ഒരു ഗുണം കമ്മ്യൂണലിസം കളയാൻ അതു നമ്മെ സഹായിക്കുമെന്നുള്ളതാണെന്നു പറയുകയുണ്ടായി. വാസ്തവത്തിൽ ദിവാൻജി അങ്ങിനെ ഒരഭിപ്രായം പറഞ്ഞതു് കമ്യൂണൽ റിപ്രസന്റേഷൻ വേണ്ടെന്നുള്ള അർത്ഥത്തിലല്ല. എങ്കിലും അങ്ങിനെ അദ്ദേഹം അർത്ഥമാക്കിയതായിട്ടാണു ചിലർ ആ പ്രസംഗത്തിൽ നിന്നു ധരിച്ചു വെച്ചിരിക്കുന്നതു്. കമ്യൂണൽ റിപ്രസന്റേഷനുള്ള വാദം ഇവിടെ ഴിച്ചുകൂടാത്ത സ്ഥിതിയാണുള്ളതെന്നു ദിവാൻജി മനസ്സിലാക്കിയിട്ടുണ്ടോ എന്നറിഞ്ഞില്ല. ഇവിടെ രാജ്യത്തിലും പ്രധാനം ജാതിയായിട്ടാണു് എല്ലാവരും കരുതുന്നതു്. യൂറോപ്പിൽ ഇംഗ്ലീഷ്കാർ, ഫ്രഞ്ചുകാർ, ജർമ്മൻകാർ എന്നൊക്കെ പറയുന്നതുപോലെ ഇവിടെ കൊച്ചിക്കാർ, തിരുവിതാംകൂറുകാർ, കേരളീയർ എന്നൊക്കെ പറഞ്ഞാൽ ഒരു അർത്ഥവുമില്ല. ഇവിടെ അങ്ങിനെയുള്ള ദേശീയ ബോധമില്ല. ജാതിബോധമാണു് ഇവിടെ വലിയതു്. ജാതിബോധം ഇവിടെ എല്ലാവരും മുലപ്പാലോടുകൂടി വലിച്ചു കുടിക്കുന്നു. ഇവിടെ ആളുകൾ ജാതിയിൽ ജനിക്കുന്നു, ജാതിയിൽ വളരുന്നു, ജാതിയിൽ മരിക്കുന്നു. സ്വർഗ്ഗത്തിൽ പോയാൽ അവിടെയും ജാതി വിട്ടുകൊടുക്കണം ഇവിടെ ജനങ്ങളുടെ വിചാരം. ജാതിവിചാരം ജനങ്ങളുടെ ജീവിതത്തിന്റെ എല്ലാവശങ്ങളിലും പ്രതിഫലിക്കുന്നു. ഇങ്ങിനെയുള്ള സ്ഥിതിയിൽ സമുദായ പ്രാതിനിധ്യം ഒഴിച്ചുകൂടാത്ത ഒരു ആവശ്യമാണു്. സമുദായ വ്യത്യാസങ്ങൾ നിലനില്ക്കുന്ന കാലത്തോളം സമുദായ പ്രാതിനിധ്യവും വേണ്ടിയിരിക്കുന്നു. സമുദായ പ്രാതിനിധ്യം ഇല്ലെങ്കിൽ ഇവിടെ രാഷ്ട്രീയാധികാരം എല്ലാം ചില സമുദായക്കാരുടെ കയ്യിലായിരിക്കും. അവർ അതു മറ്റു സമുദായങ്ങൾക്കു ദോഷകരമായ വിധത്തിൽ ഉപയോഗിക്കയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

സമുദായ വ്യത്യാസങ്ങൾ കളയാനും സമുദായ പ്രാതിനിദ്ധ്യം ആവശ്യമാണ്. സമുദായ പ്രാതിനിദ്ധ്യംകൊണ്ടു ശക്തികുറഞ്ഞ സമുദായങ്ങളും മറ്റു സമുദായങ്ങളോടു ഒപ്പമാകും. എല്ലാ സമുദായങ്ങളും ഒരു വിധം തുല്യതയിൽ വരുമ്പോൾ ഐകമത്യം എളുപ്പം കൂടുമെല്ലൊ. സമുദായ പ്രാതിനിദ്ധ്യ വാദികൾ വാസ്തവത്തിൽ കമ്യൂണലിസ്റ്റ്സ് അല്ല. അവരാണ് ഇവിടെ കമ്യൂണലിസം ഇല്ലാതാക്കുവാൻ ശ്രമിക്കുന്നതു്.

ഗവൺമെണ്ടു സമുദായ പ്രാതിനിദ്ധ്യത്തിനു അനുകൂലമാണ് എങ്കിലും ഗവൺമെൻറുദ്ദേശിക്കുന്നതുപോലെ കാര്യം നടക്കുന്നില്ല. സർവ്വീസ് കമ്മീഷൻ നിയമിക്കുവാൻ ഗവൺമെൻറു വിചാരിച്ചിട്ടു സാധിക്കുന്നില്ല. ഇതിനു എവിടെന്നൊ പ്രതിബന്ധം വന്നുകൊണ്ടിരിക്കുന്നു. അതു എവിടന്നായാലും രാജ്യത്തിനു ദോഷമായിട്ടുള്ളതാണ്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഞാൻ ഈ നിശ്ചയത്തെ അനുകൂലിക്കുന്നു. ഉദ്യോഗ നിയമനങ്ങൾ ഇപ്പോഴത്തെ നിലയിൽ തന്നെ കൊണ്ടുപോകുകയാണെങ്കിൽ വലിയ കുഴപ്പങ്ങൾക്കിടവരുന്നതായിട്ടാണ് കാണുന്നതു്. ദിവാൻജിയവർകൾതന്നെ ഇവിടെ വന്ന അവസരത്തിൽ പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായക്കാർക്കു ഉദ്യോഗം കൊടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധവെക്കണമെന്നു് ചില സക്കുലർ പുറപ്പെടുവിച്ചതായി ഞങ്ങൾക്കറിയാം. അങ്ങിനെ സക്കുലർ ഉണ്ടെങ്കിലും അതു നടപ്പിൽ വന്നു കാണുന്നില്ല. അതിനെസംബന്ധിച്ചു ഗവൺമെൻറു എന്തുകൊണ്ടുനേഷിക്കുന്നില്ലെന്നാണ് ഞാൻ ചോദിക്കുന്നതു്. ഇതിനെസംബന്ധിച്ചു് ഒരു ചോദ്യം ഞാൻ ചോദിയ്ക്കയുണ്ടായി. അതായതു് ഇവിടത്തെ അധഃകൃത കാളനികളിൽ നിയമിച്ചിട്ടുള്ള വാർഡൻമാർ ഏതെല്ലാം സമുദായക്കാരാണെന്നു ചോദിച്ചപ്പോൾ എട്ടു കാളനികളുടെ കാര്യം ഇവിടെ പറഞ്ഞിട്ടുണ്ടു്. അതു ഞാനിവിടെ വായിക്കാം. ന്യൂ തീയ്യരും, പുലയരുമാണ്. ഇങ്ങിനെയൊക്കെയാണ് സ്ഥിതിഗതികൾ. കൊച്ചിയിൽ ആളില്ലാത്തതുപോലെ തിരുവിതാംകൂറിൽനിന്നു തിയ്യനെ കൊണ്ടുവന്നു നിയമിച്ചിരിക്കുന്നു. അതിനാൽ ഗവൺമെൻറിൽനിന്നും ഇങ്ങിനെ സക്കുലർ പുറപ്പെടുവിച്ചതുകൊണ്ടു മാത്രം പോര. ഈ മാതിരി കാര്യങ്ങൾ ഞങ്ങൾ ഗവൺമെൻറിന്റെ മുമ്പാകെ കൊണ്ടുവരുന്നതിന്റെ ഉദ്ദേശം തന്നെ ഗവൺമെൻറിൽനിന്നും അതിനെ സംബന്ധിച്ചു ആക്ഷൻ എടുക്കുവാൻ വേണ്ടിയാണ്. അല്ലാതെ ഈ നിലയിൽ തന്നെ നിയമന കാര്യം വിടുകയാണെങ്കിൽ ഇതു വളരെ വരുവാനുള്ളതു. അധഃകൃതരുടെ രക്ഷയ്ക്കുവേണ്ടിയാണ് ഒരു ഡിപ്പാർട്ടുമെൻറുണ്ടാക്കിയതു്. അതിൽ ഇപ്പോൾ വല്ല ദരിപായിമാരുടെയും ജോലി കിട്ടണമെന്നു പറഞ്ഞാൽ അവർക്കു കൊടുക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂറിൽനിന്നും തീയ്യരെ കൊണ്ടുവന്നു വയ്ക്കും. തിരുവിതാംകൂറിലില്ലെങ്കിൽ ബ്രിട്ടീഷിൽ നിന്നും ആരെയെങ്കിലും കൊണ്ടുവരും. ഇതൊക്കെ എന്തൊരു അനീതിയാണു്? ഇങ്ങിനെയായാൽ സാധുസമുദായങ്ങൾ എങ്ങിനെ നന്നാകും? തെക്കു-ഈഴവ നിയോജക മണ്ഡലത്തിലെ പ്രതിനിധി പറയുന്നു ഈഴവരെ വയ്ക്കുന്നില്ല എന്നു്; മറ്റുള്ളവർ പറയുന്നു ഞങ്ങളുടെ സമുദായക്കാരെ വയ്ക്കുന്നില്ല എന്നു്; എല്ലാവരും അവരവർക്കു കിട്ടണം എന്നാണു പറയുന്നതു്. ഈ നിലയിൽ അവരവരുടെ ആളുകളെ ഉദ്യോഗത്തിൽ നിയമിച്ചുവെന്നുള്ള പരാതി വരാതിരിക്കണമെങ്കിൽ ഇങ്ങിനെയുള്ള സംഗതികളിൽ ഗവൺമെൻറു പ്രത്യേകം ശ്രദ്ധ വയ്ക്കണം. അപ്രകാരം ശ്രദ്ധ പതിപ്പിച്ചു വേണ്ടതു ചെയ്തില്ലെങ്കിൽ പരമാർത്ഥത്തിൽ അതു വലിയൊരു സാഹസമായിരിക്കും. അതുമൂലം സാധുക്കൾ വളരെ കഷ്ടപ്പെടേണ്ടതായും വരും. ഇന്നു പത്തു രൂപാ ഒരധ്യാപകനു കിട്ടിയാൽ അയാൾക്കു രണ്ടു നേരത്തെ കഞ്ഞിവെള്ളമെങ്കിലും വയറു നിറച്ചു കുടിയ്ക്കുവാനുള്ള വഴിയുണ്ടാകും. ഇപ്പോൾതന്നെ ഉദ്യോഗം ചെയ്താൽ ഒരധ്യാപകനു് രണ്ടിടങ്ഴി നെല്ലാണു കിട്ടുന്നതു്. അതുതന്നെ അവർക്കു അധികമാണു് എന്നു പറയുന്നവരും ഉണ്ടായിരിക്കും. എന്നാൽ അതുമാത്രംകൊണ്ടു അവർക്കു ഒരു കുടുംബം സംരക്ഷിച്ചു കൊണ്ടുപോകാൻ സാധിക്കാതെ വരുന്നു. മൃഗങ്ങളെ സംബന്ധിച്ചു നോക്കിയാൽ ഒരാൾക്കു ഒരു പശുവും അതിൻറെ കുട്ടിയുമുണ്ടെങ്കിൽ അതിനുകൂടി ആ ഉടമസ്ഥൻ പുല്ലോമറ്റൊക്കൊടുക്കുന്നുണ്ടു്. സാധുക്കളേയും മൃഗതുല്യമായിട്ടാണു് കരുതിയിരിക്കുന്നതെങ്കിലും എന്നും രണ്ടിടങ്ഴി നെല്ലെ അവർക്കു കൂലി കിട്ടുകയുള്ളുവെന്നു വന്നാൽ അവരുടെ കുടുംബത്തെ പുലർത്തുവാൻ വളരെബുദ്ധിമുട്ടുണ്ടാകും. പത്തുരൂപാ ഒരധ്യാപകനു കിട്ടിയാൽ അവൻറെ കുടുംബം കുറെ കൂടി നല്ല സ്ഥിതിയിൽ കഴിഞ്ഞുകൂടും. അതുകൊണ്ടാണു് ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ പറയുന്നതു്. സാധുക്കളുടെ രക്ഷയെ കരുതിയെങ്കിലും ഈ പ്രമേയം സ്വീകരിച്ചു നടപ്പിൽ വരുത്തണമെന്നു ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ടി. മാത്യു.—സാർ, ഗവൺമെൻറിൻറെ മറുപടി എത്രമാത്രം ചുരുങ്ങിയിരിക്കുന്നുവോ അത്രമാത്രം എൻറെ മറുപടിയും ചുരുക്കണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഈ സംഗതിയെക്കുറിച്ചു് പബ്ലിക്കു സർവ്വീസുകമ്മിഷൻ വരുന്നതോടുകൂടി ആലോചിക്കാമെന്നാണു് ഗവൺമെണ്ടു പറയുന്നതു്. ഈ പ്രമേയത്തിൽ പബ്ലിക്കു സർവ്വീസ് കമ്മിഷനോടുകൂടി ഈ കാര്യം ഘടിപ്പിക്കണമെന്നു പറയുന്നില്ല. പബ്ലിക്കു സർവ്വീസ് കമ്മിഷൻതന്നെ നടപ്പാക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള സംഗതി സംശയമാ

LIBRARY ARCHIVES Kerala Legislative Assembly

യുട്ടാണ കൊല്ലം കഴിയുംതോറും തോന്നുന്നതു്. അതുകൊണ്ടു് അതിനോടുകൂടി ഈ സംഗതി കൂട്ടി ഘടിപ്പിച്ചുകൊണ്ടുപോകുവാൻ നോക്കാതെ ഇതിൽ പറയുന്ന സംഗതി ഉടനടി നടപ്പാക്കുവാൻ വേണ്ടിയാണു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. പബ്ലിക്ക് സർവ്വീസ് കമ്മിഷൻ ഉടൻതന്നെ നടപ്പിൽ വരുത്തുവാൻ സർവമ്മെണ്ടിനു സാധിക്കയില്ലെങ്കിൽ ഈ കാര്യം നടപ്പാക്കുവാൻ സാധിക്കുന്നതാണു്. പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ ഇരിയ്ക്കുവാനുള്ള ആളുകൾ വേണം; റൂൾസ് വേണം; കുറച്ചു സമയം കൂടി എടുത്തു പണ്ടാക്കുവാൻ വേണം. ഇതെല്ലാം സർവമ്മെണ്ടിൽനിന്നും "കൺസിഡർ" ചെയ്യുവാൻ തുടങ്ങീട്ടു് ഒരു കൊല്ലത്തിലധികമായി. എന്നാൽ ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരും മറ്റും ഇരിക്കുന്നിടത്തോളം കാലം ഇനിയും ഒന്നു രണ്ടു കൊല്ലംകൊണ്ടെങ്കിലും അതിന്റെ ആലോചന പൂർത്തിയാകുമോ എന്നു എനിക്കു സംശയമാണു്. ഇപ്പോൾ മദ്രാസിൽ ചില റൂളുകൾ നടപ്പിലിരിക്കുന്നതുകൊണ്ടു് ഇവിടെ പ്രത്യേകമായി പുതിയ റൂൾസ് ഒന്നും ഉണ്ടാക്കണമെന്നു ആവശ്യപ്പെട്ടിട്ടില്ല. എന്തെങ്കിലും വ്യത്യാസം വരുത്തണമെന്നുണ്ടെങ്കിൽ ആ ചെറിയ ജോലി ചെയ്യുന്നതിനു തക്കയോഗ്യന്മാരായ ഉദ്യോഗസ്ഥന്മാർ നമ്മുടെ സർവമ്മെണ്ടിനു" ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെയുള്ളവർക്കു അതിൽ വേണ്ട ഭേദഗതികൾ ചെയ്യാം. കൂടാതെ I. C. S. പാസ്സായ ദിവാൻജി, ലീമയ്ക്കു പോയി വന്നിട്ടുള്ള സിക്രട്ടറി, നിപുണനായ ലാമെമ്പർ, കുറച്ചു സമയത്തിനുള്ളിൽ പലേ ഉദ്യോഗങ്ങളിലും ഇരുന്നിട്ടുള്ള ദിവാൻ പേഷ്കാർ എന്നിങ്ങിനെയുള്ളവർക്കു മദ്രാസിലുള്ള റൂൾസിനെയെടുത്തു വേണ്ട ഭേദഗതി ചെയ്യുവാൻ സാധിച്ചില്ലെങ്കിൽ ഇവരെക്കൊണ്ടു് എന്തു സാധിക്കും? പബ്ലിക്ക് സർവ്വീസ് കമ്മിഷൻ എന്നു പറഞ്ഞു കാര്യങ്ങൾ നീട്ടിക്കൊണ്ടു പോകാതെ അത്യാവശ്യമായ ഈ കാര്യം കാലതാമസം കൂടാതെ നടപ്പിൽ വരുത്തുന്നതിനാണു് ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. പബ്ലിക്ക് സർവ്വീസുകമ്മിഷൻ കൊണ്ടുവരുവാൻ പ്രയാസമുണ്ടെങ്കിൽ അതിൽ നിന്നും ഈ പ്രമേയം സ്വീകരിച്ചു നടപ്പിൽ വരുത്തിയാൽ തൽക്കാലം രക്ഷപ്പെടുവാൻ സാധിക്കും. മദ്രാസിലെ റൂൾ എടുത്തു ചില ഭേദഗതികൾ വരുത്തിയാൽ ഒരു മാസത്തിൽതന്നെ ഇതു വേണപ്പെങ്കിൽ സർവമ്മെണ്ടിനു നടപ്പിൽ വരുത്തുവാൻ സാധിക്കും. അല്ലാത്തപക്ഷം സർവമ്മെണ്ടിനു പബ്ലിക്ക് സർവ്വീസ് കമ്മിഷൻ നടപ്പാക്കുവാനും ഉദ്യോഗവിതരണത്തിൽ ന്യായവും നീതിയും ചെയ്യുവാനും മനസ്സില്ല, കഴിവില്ല, ബോധമില്ല എന്നുമാത്രമേ നാട്ടുകാർ വിചാരിക്കുകയുള്ളൂ.

Resolution put and carried, all the non-official members then present voting for it.

LIBRARY ARCHIVES Kerala Legislative Assembly